**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 204** — **23-08-2022 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ നിർത്തിവെച്ച കുട്ടികളുടെ ഐ.സി.യു, എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ പ്രവർത്തനം ഇതുവരെ പുനരാരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്. 2016കാലഘട്ടത്തിൽ താത്കാലിക ജീവനക്കാരെ നിയമിച്ചാണ് കുട്ടികളുടെ ഐ.സി.യു, എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവ പ്രവർത്തിച്ചിരുന്നത്. കോവിഡ് കാലഘട്ടത്തിൽ മറ്റ് ആശുപത്രികളിൽ നിന്നും ജോലി ക്രമീകരണം വഴി ജീവനക്കാരെ ലഭ്യമായതുമൂലം എമർജൻസി ഓപ്പറേഷൻ തിയേറ്റർ പ്രവർത്തിച്ചിരുന്നു. എച്ച്.എം.സി, കാസ്പ് എന്നിവയിലെ ഫണ്ട് പരിമിതി മൂലം ജീവനക്കാരുടെ എണ്ണം കുറയ്ക്കേണ്ടി വന്നതിനാലാണ് പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനം നിർത്തിവച്ചത്. പ്രവർത്തനം പുനരാരംഭിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.** |
| (ബി) | കുട്ടികളുടെ ഐ.സി.യു, എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | **ഉണ്ട്. 2016കാലഘട്ടത്തിൽ താത്കാലിക ജീവനക്കാരെ നിയമിച്ചാണ് കുട്ടികളുടെ ഐ.സി.യു, എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവ പ്രവർത്തിച്ചിരുന്നത്. കോവിഡ് കാലഘട്ടത്തിൽ മറ്റ് ആശുപത്രികളിൽ നിന്നും ജോലി ക്രമീകരണം വഴി ജീവനക്കാരെ ലഭ്യമായതുമൂലം എമർജൻസി ഓപ്പറേഷൻ തിയേറ്റർ പ്രവർത്തിച്ചിരുന്നു. എച്ച്.എം.സി, കാസ്പ് എന്നിവയിലെ ഫണ്ട് പരിമിതി മൂലം ജീവനക്കാരുടെ എണ്ണം കുറയ്ക്കേണ്ടി വന്നതിനാലാണ് പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനം നിർത്തിവച്ചത്. പ്രവർത്തനം പുനരാരംഭിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ